നം.ഇ5-17923/2018.

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.
ഇ-മെയിൽ: swdkerala@gmail.com
തീയതി.

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

അഡ്വ. സഞ്ജീവൻ. എം,
ചെറുതന തുണ്ടിയിൽ, ബംഗ്ലാവിന് പുറകുവശം,
സെൻ്റ് ബനഡിക്ട് റോഡ്, എറണാകുളം (നോർത്ത്) പി.ഒ

വിഷയം:- സാമൂഹ്യനീതി വകുപ്പ് – **വിവരാവകാശ നിയമം 2005** പ്രകാരമുള്ള അപേക്ഷ മറുപടി - സംബന്ധിച്ച്.

സൂചന:- സർക്കാർ കത്ത് നം.3108176/എ4/2018/സാ.നീ.വ തീയതി.22.12.2018.

സൂചന പ്രകാരമുള്ള താങ്കളുടെ അപേക്ഷയിലെ ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. സാമൂഹ്യനീതി വകുപ്പിൽ ആത്മഹത്യയുമായി ബന്ധപ്പെട്ട് കൊല്ലം ആഫ്റ്റർകെയർ ഹോമിലെ താമസക്കാരായ 2 കുട്ടികളുടെ ആത്മഹത്യയിൽ സൂപ്രണ്ട് ശ്രീമതി. എൽ.കെ. ഷൈനിയ്ക്കെതിരായി അച്ചടക്ക നടപടി സ്വീകരിച്ചുവരുന്ന ഒരു ഫയലാണുള്ളത്.
2. മേൽ സൂചിപ്പിച്ച സൂപ്രണ്ടിനെതിരായ അച്ചടക്കനടപടി സ്വീകരിച്ചുവരുന്ന ഫയൽ അല്ലാതെ ഇക്കാര്യത്തിൽ വകുപ്പിൽ വിവരങ്ങൾ ലഭ്യമല്ല.
3. 2-ൽ സൂചിപ്പിച്ചുള്ള വിവരങ്ങളൊഴികെ മറ്റുവിവരങ്ങൾ വകുപ്പിൽ ലഭ്യമല്ല.
4. കൊല്ലം ആഫ്റ്റർകെയർ ഹോമിലെ താമസക്കാരായ 2 പെൺകുട്ടികൾ 08.06.2017 ന് രാത്രി 12 നും വെളുപ്പിന് 4.59 മണിക്ക് ഇടയിലുള്ള സമയത്ത് ആത്മഹത്യചെയ്തതായിട്ടാണ് എഫ്.ഐ.ആറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.
5. കൊല്ലം ആഫ്റ്റർകെയർ ഹോമിലെ താമസക്കാരായ 2 പെൺകുട്ടികൾ 08.06.2017 ന് രാത്രി 12 നും വെളുപ്പിന് 4.59 മണിക്ക് ഇടയിലുള്ള സമയത്ത് ആത്മഹത്യചെയ്തതായിട്ടാണ് എഫ്.ഐ.ആറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാളുകളുടെ പ്രായം അർച്ചനയ്ക്ക് 17 ഉം പ്രസീദയ്ക്ക് 15-ഉം ആണ്. രണ്ടും പെൺകുട്ടികളാണ്. അവരുടെ ജാതി, മതം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
6. സാമൂഹ്യനീതി വകുപ്പിൽ കേഡർ സ്ട്രെങ്ത് നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

മറുപടി തൃപ്തികരമല്ലാത്ത പക്ഷം താങ്കൾക്ക് ചുവടെ ചേർക്കുന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

ശ്രീമതി. കെ. ഗീത,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ&അപ്പലേറ്റ് അതോറിട്ടി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം -33.

വിശ്വസ്തതയോടെ,

എസ്. രാജീവ് കുമാർ
സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്.

23.1.19